11726

DIRECTOR SCHEDULED CASTE DEVELOPMENT DEPARTMENT 21 MAY 2018 THIRUVANANTHAPURAM

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ പരമാവധി 120 പേർക്ക് ഫീസാനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ)നം.36/2018/പജപവവിവ

തിരുവനന്തപുരം, തീയതി. 17/05/2018

---

പരാമർശം:- 1) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 02/05/2018 ലെ ICSETS-108/18 നം. കത്ത്

## ഉത്തരവ്

സംസ്ഥാനത്ത് സിവിൽ സർവ്വീസ് പരിശീലനം നൽകുന്ന സ്ഥാപനങ്ങളിൽ മുൻപന്തിയിലുള്ളതും, സർക്കാർ സംരംഭവുമായ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് നിലവിൽ ഫീസാനുകൂല്യം നൽകുന്നില്ലെന്നും ടി വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകുന്നത് പ്രസ്തുത പരിശീലനത്തിനും തദ്വാരാ സർവ്വീസിലേക്ക് കൂടുതൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിനും ഇടയാക്കുമെന്നും ആയതിനാൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ വിവിധ സെന്ററുകളിൽ പരിശീലനം തേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകണമെന്നുമാവശ്യപ്പെട്ട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ വിശദമായ ഒരു ശുപാർശ പരാമർശം(1) പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന് കീഴിലുള്ള കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ വിവിധ സെന്ററുകളിൽ റഗുലർ ബാച്ചിൽ പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ പരമാവധി 120 പേർക്ക് ഫീസാനുകൂല്യം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. ട്രെയിനിംഗ് ഫീസിനത്തിൽ സ്ഥാപനത്തിൽ ഒടുക്കുന്ന തുക വിദ്യാർത്ഥികൾക്ക് റീ-ഇമ്പേഴ്സ് ചെയ്ത് നൽകുന്നതാണ്.

**മറ്റ് ആനുകൂല്യങ്ങൾ**

**ഹോസ്റ്റലേഴ്സിന്**

ഹോസ്റ്റൽ ഫീ - 5000/-രൂപ

പോക്കറ്റ് മണി - 1000/-രൂപ

**ഡേ സ്കോളേഴ്സിന്**

സ്റ്റൈപന്റ് - 1000/-രൂപ

3. ഇതിലേയ്ക്കാവശ്യമായ ചെലവ് "2225-01-102-96 Assistance for Training and Employment" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഉഷ.റ്റി.നായർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൾ, ICSETS, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
ഉന്നത വിദ്യാഭ്യാസ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

14496

DIRECTOR
SCHEDULED CASTE DEVELOPMENT DEPARTMENT
26 JUN 2018
THIRUVANANTHAPURAM

കേരള സർക്കാർ

നമ്പർ: എ 1/65/2018/പജപവവിവ.

പട്ടികജാതി പട്ടികവർഗ്ഗ വികസന(എ) വകുപ്പ്
തിരുവനന്തപുരം, തീയതി, 25.06.2018

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ
പട്ടികജാതി വികസന വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം :- പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നൽകുന്നത് – സംബന്ധിച്ച്.

സൂചന :-
1. 17.05.2018-ലെ സ.ഉ.(കൈ) 36/18/പജപവവിവ
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 13.06.2018-ലെ എഡ്യൂസി- 11726/18 നം കത്ത്

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന് കീഴിലുള്ള കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ വിവിധ സെന്ററുകളിൽ റെഗുലർ ബാച്ചിൽ പരിശീലനത്തിനായി തെരെഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും സൂചന (1) ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ, ഉചിത നിബന്ധനകൾക്കു വിധേയമായി 2225-01-102-96 (P) Assistance for Training and Employment എന്ന ശീർഷകത്തിൽ നിന്നും ICSETS മുഖേന അനുവദിച്ചു നൽകാവുന്നതാണ്. കൂടാതെ ട്രെയിനിംഗ് ഫീസ് അക്കാഡമിക് മുൻകൂറായി നല്കാവുന്നതാണ്.

വിശ്വസ്തതയോടെ
**ഉഷ.ടി.നായർ**
**ജോയിന്റ് സെക്രട്ടറി**
**പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി**

**അംഗീകാരത്തോടെ**

**സെക്ഷൻ ഓഫീസർ**